മയക്കുമരുന്ന് കച്ചവടം

67 (1536) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ ഒരു വർഷം എത്ര മയക്കുമരുന്ന് കേസ്സുകൾ പിടികൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര രൂപ വിലവരുന്ന മയക്കുമരുന്നുകളാണ് പിടികൂടിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിന് പിന്നിൽ അന്തർസംസ്ഥാന സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) വിദ്യാലയങ്ങളുടെ പരിസരത്ത് മയക്കുമരുന്ന് കച്ചവടം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 466 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 21,95,450 രൂപയുടെ മയക്കുമരുന്നും വില കണക്കാക്കപ്പെട്ടിട്ടില്ലാത്ത താഴെപ്പറയുന്ന മയക്കുമരുന്നും പിടികൂടിയിട്ടുണ്ട്.

കഞ്ചാവ്	–	14574.404 കി.ഗ്രാം
ബ്രൗൺഷുഗർ	–	209.659 ഗ്രാം
ചരസ്	–	300 ഗ്രാം
കറുപ്പ്	–	32.200 ഗ്രാം
ആംബിസോൾ	–	19.170 ഗ്രാം
പോർട്ട്വിൻ	–	36 ആംപ്യൂൾ
സൂപ്രിജിസിക്	–	3 ആംപ്യൂൾ
ഫെനിർഗോൺ	–	1 ആംപ്യൂൾ
ടെഡിജെസിക്	–	(2 എം.എൽ,)–16

(സി) അന്വേഷണത്തിൽ ഇത്തരം സംഗതികൾ വെളിവായിട്ടില്ല.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly